4599796/2020/SJD(OS)

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓണത്തോടനുബന്ധിച്ച് 1000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

G.O.(Rt) No.446/2020/SJD തീയതി,തിരുവനന്തപുരം, 26/08/2020

ഉത്തരവ്

കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന 5425 എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓണത്തോടനുബന്ധിച്ച് ഒറ്റത്തവണ ധനസഹായമായി 1000/-രൂപ (ആയിരം രൂപ മാത്രം) വീതം 2235-60-200-72-04 (പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിന് കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

പകർപ്പ്

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ&ഇ) കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, കാസർഗോഡ്.

ധനകാര്യ വകുപ്പ്(19/08/2020 ലെ ww2/346/2017/FIN പ്രകാരം)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.

പൊതുഭരണ (എസ്.സി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4217

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 01 | ഫയൽ | : | സി2/137/2020/സാനീവ |
| 02 | വകുപ്പ് | : | സാമൂഹ്യനീതി (സി) വകുപ്പ് |
| 03 | വിഷയം | : | സാമൂഹ്യനീതി വകുപ്പ് - എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓണത്തോടനുബന്ധിച്ചുള്ള ഒറ്റത്തവണ ധനസഹായം അനുവദിച്ചുകൊണ്ട് 26/08/2020-ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.ടി) 446/2020/സാനീവ നമ്പർ ഉത്തരവ് സാധൂകരിക്കുന്നത് - സംബന്ധിച്ച്. |
| 04 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25.08.2020 |
| 05 | (i) സാമ്പത്തികബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 06 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ബാധകമല്ല |
| 07 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.മുഹമ്മദ് അൻസാരി |
| 08 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിജുപ്രഭാകർ |
| 09 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/09/2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14/09/2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15/09/2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22.09.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും, തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓണത്തോടനുബന്ധിച്ച് ഒറ്റത്തവണ ധനസഹായം നൽകുന്നതിന് പുറപ്പെടുവിച്ച 26.08.2020 ലെ സ.ഉ.(സാധാ.)നം.446/2020/സാ.നീ.വ. നമ്പർ ഉത്തരവ് സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കാസർഗോഡ് ജില്ലയിലെ കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതർക്ക് 2016-ൽ 05/09/2016-ലെ ജി.ഒ.(എം.എസ്)നം.45/2016/സാനീവ പ്രകാരവും, 2017 ൽ 26/08/2017 ലെ ജി.ഒ.(എം.എസ്) നം.38/2017/സാനിവ പ്രകാരവും 2018-ൽ 7/10/2018-ലെ സ.ഉ.(എം.എസ്) നം.22/2018/സാനീവ പ്രകാരവും 2019 ൽ 3/9/2019 ലെ സ.ഉ.(എം.എസ്) നം.21/2019/സാനിവ പ്രകാരവും ഓണത്തോടനുബന്ധിച്ച് ഒറ്റത്തവണ ധനസഹായമായി 1000/-രൂപ വീതം അനുവദിച്ച് ഉത്തരവായിരുന്നു.

3) ഈ വർഷത്തെ ഓണത്തോടനുബന്ധിച്ചും കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒറ്റത്തവണ ധനസഹായം നൽകുവാൻ സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ഫയൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചിരുന്നു. ആയതു പ്രകാരം ധനകാര്യവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം ലഭ്യമാക്കി.

"കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന 5425 എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒറ്റത്തവണ ധനസഹായമായി കഴിഞ്ഞ പ്രാവശ്യത്തെ നിരക്കിൽ അതേ നിബന്ധനകളോടെ അനുവദിച്ച് നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകാവുന്നതാണെന്നും, അടുത്ത പ്രാവശ്യം തുക അനുവദിക്കുന്നതിനു മസ്റ്ററിംഗ് പൂർത്തിയാക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്. "

4) ഉത്തരവു പുറപ്പെടുവിച്ച ശേഷം മന്ത്രിസഭയുടെ സാധൂകരണത്തിന് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി 25.08.2020-ൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 26/08/2020 ലെ സ.ഉ.(സാധാ.)നം.446/2020/സാനീവ പ്രകാരം കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്ന 5425 എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓണത്തോടനുബന്ധിച്ച് ഒറ്റത്തവണ ധനസഹായമായി 1000/-രൂപ വീതം 2235-60-200-72-04(പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പെൻഷൻ ലഭിക്കുന്ന 5425 എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓണത്തോടനുബന്ധിച്ച് ഒറ്റത്തവണ ധനസഹായമായി 1000/- രൂപ വീതം 2235-60-200-72-04(പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് പുറപ്പെടുവിച്ച 26.08.2020 ലെ സ.ഉ (സാധാ) നം.446/2020/സാനീവയ്ക്ക് സാധൂകരണം നൽകാമോ?

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 23-09-2020

ഫയൽ നം. സി2/137/2020/സാനീവ.  ഇനം നം: 4217

വിഷയം : സാമൂഹ്യനീതി വകുപ്പ് - എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓണത്തോടനുബന്ധിച്ചുള്ള ഒറ്റത്തവണ ധനസഹായം അനുവദിച്ചു കൊണ്ട് 26.08.2020-ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.ടി.) 446/2020/സാനീവ. നമ്പർ ഉത്തരവ് സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.